# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1658 17/06/2013-ൽ മറുപടിക്ക്

## ചലച്ചിത്ര അക്കാദമിയുടെയും ചലച്ചിത്ര വികസന കോർപ്പറേഷന്റെയും സിനിമാ നിർമ്മാണം

ചോദ്യം

ശ്രീ. പി. തിലോത്തമൻ

ഉത്തരം

ബഹുമാനപ്പെട്ട മുഖ്യമന്ത്രി

ശ്രീ. ഉമ്മൻചാണ്ടി

| | | | |
|---|---|---|---|
| (എ) | കേരളത്തിൽ ചലച്ചിത്ര വികസന കോർപ്പറേഷന്റെയും ചലച്ചിത്ര അക്കാദമിയുടെയും മേൽനോട്ടത്തിലോ മുതൽമുടക്കിലോ ഈ സർക്കാരിന്റെ കാലയളവിൽ ഇറക്കിയിട്ടുള്ള കലാമൂല്യമുള്ളവയോ, പാരിസ്ഥിതിക വിഷയങ്ങൾ ചർച്ച ചെയ്യുന്നതോ, സാങ്കേതിക മികവ് പ്രകടിപ്പിക്കുന്നതോ ആയ സിനിമകൾ എതെല്ലാമാണെന്ന് പറായമോ; അവയ്ക്ക് ദേശീയ, രാഷ്ട്രാന്തര, സംസ്ഥാന തലങ്ങളിൽ ഏതെങ്കിലും അംഗീകാരങ്ങൾ ലഭിച്ചുവോ എന്ന് വിശദമാക്കുമോ ; | (എ) | കേരളത്തിൽ ചലച്ചിത്ര വികസന കോർപ്പറേഷന്റെയും ചലച്ചിത്ര അക്കാദമിയുടെയും മേൽനോട്ടത്തിലോ മുതൽമുടക്കിലോ ഈ സർക്കാരിന്റെ കാലയളവിൽ സിനിമകളൊന്നും നിർമ്മിച്ചിട്ടില്ല. |
| (ബി) | പ്രസ്തുത സിനിമകളുടെ നിർമ്മാണത്തിൽ ചലച്ചിത്ര അക്കാഡമിയുടെയും ചലച്ചിത്ര വികസന കോർപ്പറേഷന്റെയും സാമ്പത്തികമോ അല്ലാത്തതോ ആയ പങ്കെന്തായിരുന്നു എന്ന് വിശദമാക്കുമോ ; | (ബി) | ബാധകമല്ല. |
| (സി) | പാരിസ്ഥിതിക വിഷയങ്ങൾ ചർച്ച ചെയ്യുന്നതും, കലാമൂല്യമുള്ളവയുമായ സിനിമകൾ സ്കൂളുകളിൽ പ്രദർശിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (സി) | ടൂറിങ്ങ് ടാക്കീസുകൾ വഴി ഇത്തരം ചിത്രങ്ങൾ സ്കൂളുകളിലും സാംസ്കാരിക സ്ഥാപനങ്ങളിലും പ്രാദേശിക ചലച്ചിത്രോൽസവങ്ങളിലും നിലവിൽ പ്രദർശിപ്പിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ